# Mathrubhumi

# 22 August 2018

# Kochi, After Flood, Electricity Board



## പ്രളയമൊഴിഞ്ഞപ്പോൾ കൂരിരുട്ട്

**കൊച്ചി▸** വെള്ളം ഇറങ്ങിത്തുടങ്ങിയപ്പോൾ നെട്ടോട്ടമോടുന്നത് വൈദ്യുതി ബോർഡ് ജീവനക്കാർ. ഒരു സെക്ഷനിലെ 12 ലൈൻ ജീവനക്കാർ വിചാരിച്ചാൽ തീരുന്നതല്ല പ്രശ്നങ്ങൾ.

ട്രാൻസ്ഫോർമറുകളെല്ലാം വെള്ളത്തിനടിയിൽപ്പോയതാണ്. പലയിടത്തും വെള്ളമിറങ്ങിയെങ്കിലും വീടുകളിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാലും ഈർപ്പമുള്ളതിനാലും ഓരോ വീടും പരിശോധിച്ചു വേണം ട്രാൻസ്ഫോർമറുകൾ ചാർജ് ചെയ്യാൻ. ജില്ലയിൽ 2317 ട്രാൻസ് ഫോർമറുകൾ ചാർജ് ചെയ്തുവരുന്നു.

ലൈൻ ജീവനക്കാർ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് ഓടിക്കൊണ്ടിരിക്കുകയാണ്. ആളുകൾ ക്യാമ്പിൽനിന്ന് മടങ്ങി വീട്ടിലെത്തിയെങ്കിലും ചെളി കഴുകിക്കളയാൻ പോലും പറ്റുന്നില്ല. മോട്ടോർ അടിക്കാൻ സാധിക്കുന്നില്ല.

വെള്ളം കയറിയിറങ്ങിയ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ ഓഫ് ചെയ്തതിനാൽ, അതിന്റെ പരിധിയിൽ വരുന്ന വെള്ളം കയറാത്ത സ്ഥലങ്ങളും പ്രതിസന്ധിയിലായിരിക്കുകയാണ്.

ജീവനക്കാരുടെ അഭാവം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ വൈദ്യുതി ബോർഡ് വെള്ളപ്രശ്നം ഇല്ലാത്ത സ്ഥലങ്ങളിൽനിന്ന് താത്പര്യമുള്ളവരോട് ദുരിതാശ്വാസ പ്രവർത്തനത്തിന് എത്താൻ നിർദ്ദേശിച്ചിരിക്കുകയാണ്. ഈ നിർദ്ദേശത്തിന് കാര്യമായ പ്രതികരണം ഉണ്ടായിട്ടില്ലെന്നാണ് ജീവനക്കാർതന്നെ പറയുന്നത്. ബോർഡിന്റെ ഇപ്പോഴത്തെ അവസ്ഥ പരിഗണിച്ച് പ്രശ്നങ്ങളില്ലാത്ത, ജില്ലയിലെ തന്നെ മറ്റ് സ്ഥലങ്ങളിൽനിന്ന് പ്രശ്നബാധിത പ്രദേശത്തേക്ക് ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ വിടേണ്ടിവരും.